# 20 നീര മാസ്റ്റർ ട്രെയിനർമാർ പരിശീലനം പൂർത്തിയാക്കി

കൊച്ചി: കള്ളിനു കള്ളിന്റേതായ പ്രാധാന്യമുള്ളതുപോലെ നീരയ്ക്കു നീരയുടെതായ പ്രാധാന്യവും ഉണ്ടെന്നു നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് അഭിപ്രായപ്പെട്ടു. നാളികേര വികസന ബോർഡിന്റെ കീഴിലുള്ള സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കഴിഞ്ഞ രണ്ടാഴ്ചയായി നടത്തിവന്ന നീര ടെക്നീഷ്യന്മാർക്കുള്ള പരിശീലന പരിപാടിയുടെ, ആലുവ വൈഎംസിഎയിൽ നടന്ന സമാപന സമ്മേളനത്തിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വളരെ ശ്രദ്ധയോടെയും വൃത്തിയോടെയും ഉത്പാദിപ്പിക്കുന്ന മദ്യവിമുക്തമായ ആരോഗ്യ പാനീയമാണ് നീര. സംസ്ഥാനത്ത് എന്നല്ല രാജ്യത്തുതന്നെ ആദ്യമായിട്ടായിരിക്കും നീര ടെക്നീഷ്യന്മാർക്കായി ഇത്തരത്തിൽ പരിശീലന പരിപാടി നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒരു ലിറ്റർ നീര ഉത്പാദിപ്പിക്കുമ്പോൾ ടെക്നീഷ്യന് 25 രൂപ ലഭിക്കും. ഇപ്പോൾ പരിശീലനം പൂർത്തിയാക്കിയവർക്ക് ഒരു വർഷത്തേക്കു ബോർഡ് ഇൻഷ്വറൻസ് നൽകും. അടുത്ത വർഷം മുതൽ അവരുടെ ഫെഡറേഷനുകളാണ് ഇതു ചെയ്യേണ്ടത്. സംസ്ഥാനത്തെ 14 ജില്ലകളിൽ ഈ വർഷം 100 ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുക എന്ന ഉത്തരവാദിത്വം കൂടി ഇപ്പോൾ പരിശീലനം പൂർത്തിയായ 20 പേർക്കുണ്ടെന്നും ചെയർമാൻ ചൂണ്ടിക്കാട്ടി.

അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഒരു ലക്ഷം നീര ടെക്നീഷ്യന്മാർക്കു പരിശീലനം നൽകുക എന്നതാണ് ബോർഡിന്റെ ലക്ഷ്യം. നീര ഉത്പാദനത്തിനു പറ്റിയ പ്രാദേശിക ഇനം തെങ്ങുകൾ കണ്ടുപിടിച്ച് അവയുടെ വിത്തു തേങ്ങകൾ ശേഖരിച്ച് പുതിയ തൈകൾ ഉത്പാദിപ്പിക്കുന്നതിനും കർഷകർ ശ്രദ്ധിക്കണമെന്നു ചെയർമാൻ നിർദ്ദേശിച്ചു.

വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ആലപ്പുഴ, കൊല്ലം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള 20 ടെക്നീഷ്യന്മാർക്ക് സർട്ടിഫിക്കറ്റും ടാഗും ചെയർമാൻ വിതരണം ചെയ്തു. പരിശീലനത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്ക് ചടങ്ങിൽ സമ്മാനങ്ങളും നല്കി. ശ്രീകുമാർ പൊതുവാൾ സ്വാഗതവും പി.എസ് ശ്രീജിത നന്ദിയും പറഞ്ഞു. നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ.കെ മുരളീധരൻ ആശംസകൾ നേർന്നു.